**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 228** **02-08-2021 - ൽ മറുപടിയ്ക്ക്**

**ഉപരിപഠനത്തിന് അവസരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ശ്രീ ഒ . ആർ. കേളു,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി,<br>ശ്രീ കെ യു ജനീഷ് കുമാർ | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ പത്താം ക്ലാസ്സ് പൊതുപരീക്ഷയിൽ ഉന്നതവിജയം കൈവരിക്കാനായതിന്റെ തുടർച്ച ഉറപ്പാക്കുന്നതിന് ഹയർസെക്കന്ററി മേഖലയിൽ ഉപരിപഠനത്തിന് എല്ലാവർക്കും അവസരം ഒരുക്കാൻ വേണ്ട സൗകര്യം ഏർപ്പെടുത്തുമോ; | (എ) | മാർജിനൽ സീറ്റ് വർദ്ധനവ് ഏർപ്പെടുത്താതെ തന്നെ സംസ്ഥാ നത്തെ ഹയർ സെക്കണ്ടറി ഒന്നാം വർഷ പ്രവേശനം സാധ്യമാകുന്ന തിനായി 2015 മുതൽ 2020 വരെയുള്ള ഹയർ സെക്കണ്ടറി ഒന്നാം വർഷ പ്രവേശനം നേടിയവരുടെ എണ്ണത്തെ അടിസ്ഥാനപ്പെടുത്തി വിശകലനം ചെയ്യുകയുണ്ടായി. ഈ വിശകലന ത്തിന്റെ അടിസ്ഥാനത്തിൽ പ്ലസ് വൺ സീറ്റുകളെ സംബന്ധിച്ച റിപ്പോർട്ട് ചുവടെ ചേർക്കുന്നു. 2021-22 അധ്യയന വർഷം ഹയർ സെക്കണ്ടറി പ്ലസ് വൺ പ്രവേശനത്തിന് സംസ്ഥാനത്തെ ജില്ലകളിൽ ലഭ്യമായ സീറ്റ് വിവരവും പ്രസ്തുത ജില്ലയിൽ ഉപരിപഠനത്തിന് അർഹരായ (എസ്.എസ്.എൽ.സി. വിജയിച്ച) വിദ്യാർത്ഥികളുടെ എണ്ണവും അനുബന്ധമായി ചേർക്കുന്നു. പ്രവേശന നടപടികൾ അവസാനിച്ചു കഴിയുമ്പോൾ സീറ്റുകൾ ഒഴിഞ്ഞു കിടക്കുന്ന സാഹചര്യമാണ് എല്ലാ ജില്ലകളിലും ഉള്ളത്. നിലവിൽ സംസ്ഥാനത്തെ ഒരു ജില്ലയിലും ഹയർ സെക്കണ്ടറി പ്രവേശനത്തിന് സീറ്റുക ളുടെ അപര്യാപ്തത നിലനിൽക്കുന്നില്ല. |
| (ബി) | അദ്ധ്യാപക-വിദ്യാർത്ഥി ആശയവിനിമയം വേണ്ടത്രയില്ലാതെയാണ് പത്താംക്ലാസിൽ പഠനം നടത്തിയതെന്ന് ആക്ഷേപം ഉയർന്നിട്ടുണ്ടോ; എങ്കിൽ ഇതുകൊണ്ടുണ്ടാകാനിടയുള്ള പോരായ്മ പരിഹരിക്കാൻ പരിപാടി ആവിഷ്കരിക്കുമോ; | (ബി) | കോവിഡിന്റെ പശ്ചാത്തലത്തിൽ 2020-21 അധ്യയന വർഷം സ്കൂളുകൾ തുറന്ന് പ്രവർത്തിക്കാൻ കഴിഞ്ഞി രുന്നില്ല. എന്നിരുന്നാലും പൊതു പരീക്ഷകൾ നടത്തേണ്ടതിനാൽ 10,12 ക്ലാസ്സുകളിലെ കുട്ടികൾക്ക് ഡിജിറ്റൽ ക്ലാസ്സുകളുടെ തുടർപഠനത്തിനും റിവിഷനും സംശയനിവാരണത്തിനു മായി രക്ഷകർത്താക്കളുടെ സമ്മത ത്തോടെ 2021 ജനുവരി 1 മുതൽ സ്കൂളിൽ എത്തുന്നതിന് അനുമതി നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ കുട്ടികൾ സ്കൂളിൽ എത്തുകയും പഠനപ്രവർത്തനങ്ങളിൽ പങ്കെടുക്കുകയും |

| | | | |
|---|---|---|---|
| | | | അധ്യാപക വിദ്യാർത്ഥി ആശയവിനിമയം സാധ്യമാകുകയും ചെയ്തിട്ടുണ്ട്. |
| (സി) | സ്കൂൾ അക്കാദമിക മാസ്റ്റർ പ്ലാനിൽ എന്തെല്ലാം കാര്യങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ? | (സി) | ഓരോ സ്കൂളിലും എൻറോൾ ചെയ്തിട്ടുള്ള മുഴുവൻ കുട്ടികളുടെയും സമഗ്ര വികാസത്തിനുള്ള പ്രവർത്തന നിർദ്ദേശങ്ങളാണ് അക്കാദമിക മാസ്റ്റർ പ്ലാനിലുള്ളത്. പഠന പിന്തുണ ആവശ്യമുള്ള കുട്ടികളെ കണ്ടെത്തി അത് ഉറപ്പാക്കുന്നതിനുള്ള പ്രവർത്ത നങ്ങൾ, കുട്ടികളുടെ അഭിരുചി, താൽപര്യം ഇവ കണ്ടെത്തി പ്രസ്തുത മേഖലയിൽ ഏറ്റവും ഉയർന്ന തലത്തിലേയ്ക്ക് വളരാനും വികസി ക്കാനും സഹായകമായ പ്രവർത്തന ങ്ങൾ, കലാകായിക അഭിരുചികൾ കണ്ടെത്തി അവയെ വികസിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ എന്നിവ യെല്ലാം അക്കാദമിക മാസ്റ്റർ പ്ലാനിന്റെ ഭാഗമാണ്. പഠനകാര്യത്തിൽ അവസര തുല്യതയും മികവും ഓരോ കുട്ടിയ്ക്കും ഉറപ്പാക്കുന്നതിനായി ഓരോ സ്ഥാപനവും വികസിപ്പിച്ചുള്ള അക്കാദ മിക ആസൂത്രണ രേഖയാണ് സ്കൂൾ മാസ്റ്റർ പ്ലാൻ. |

സെക്ഷൻ ഓഫീസർ

# അനുബന്ധം 1

| ജില്ല | സർക്കാർ/എയ്ഡഡ് ഹയർസെക്കണ്ടറി സ്കൂളുകളിൽ ലഭ്യമായ ഒന്നാം വർഷ സീറ്റുകൾ(ബാച്ചൊന്നിന് 50 എന്ന ക്രമത്തിൽ) | 2021 മാർച്ചിൽ എസ്.എസ്.എൽ.സി വിജയിച്ച വിദ്യാർത്ഥികളുടെ എണ്ണം | എസ്.എസ്.എൽ.സി പരീക്ഷ വിജയിക്കുന്നവരിൽ ഹയർസെക്കണ്ടറി പ്രവേശനം തേടുന്ന വിദ്യാർത്ഥികളുടെ ശതമാനം (5 വർഷ മുൻപ്രവേശനമനുസരിച്ച്) | എസ്.എസ്.എൽ.സി പരീക്ഷ വിജയിക്കുന്നവരിൽ ഹയർസെക്കണ്ടറി പ്രവേശനം തേടുന്ന വിദ്യാർത്ഥികളുടെ എണ്ണം (5 വർഷ മുൻപ്രവേശനമനുസരിച്ച്) | പൊതുവിദ്യാലയങ്ങളിൽ നിന്നും എസ്.എസ്.എൽ.സി പരീക്ഷ വിജയിക്കുന്നവരിൽ പൊതുവിദ്യാലയങ്ങളിൽ ഹയർസെക്കണ്ടറി പ്രവേശനം തേടുന്നതിനായി അനുവദിനീയ സീറ്റിലുള്ള ലഭ്യത കുറവ് | 20% മാർജിനൽ സീറ്റ് വർദ്ധനവിലൂടെ ലഭ്യമാകുന്ന അധിക സീറ്റുകൾ | പൊതുവിദ്യാലയങ്ങളിൽ നിന്നും എസ്.എസ്.എൽ.സി പരീക്ഷ വിജയിക്കുന്നവരിൽ പൊതുവിദ്യാലയങ്ങളിൽ ഹയർസെക്കണ്ടറി പ്രവേശനം തേടുന്നതിനായി 20% മാർജിനൽ സീറ്റ് വർദ്ധനവിന് ശേഷമുള്ള | അൺ–എയ്ഡഡ് മേഖലയിലെ സീറ്റുകളുടെ എണ്ണം |
|---|---|---|---|---|---|---|---|---|
| തിരുവനന്തപുരം | **24950** | 34447 | 79.16 | **28871** | 3921 | 4990 | 0 | 6425 |
| കൊല്ലം | **22800** | 30547 | 75.91 | **24118** | 1318 | 4560 | 0 | 3822 |
| പത്തനംതിട്ട | **12900** | 10341 | 96 | **10853** | **0** | 2580 | 0 | 1881 |
| ആലപ്പുഴ | **20800** | 21917 | 83.5 | **19785** | **0** | 4160 | 0 | 1839 |
| കോട്ടയം | **19150** | 19636 | 85.55 | **17787** | **0** | 3830 | 0 | 3058 |
| ഇടുക്കി | **10350** | 11197 | 79.41 | **9761** | **0** | 2070 | 0 | 1517 |
| എറണാകുളം | **26750** | 32098 | 80.33 | **27052** | 302 | 5350 | 0 | 5789 |
| തൃശ്ശൂർ | **27650** | 35158 | 79.02 | **28927** | 1277 | 5530 | 0 | 4911 |
| പാലക്കാട് | **24150** | 38518 | 70.88 | **28158** | 4008 | 4830 | 0 | 4117 |
| കോഴിക്കോട് | **29200** | 44432 | 77.2 | **34488** | 5288 | 5840 | 0 | 5272 |
| മലപ്പുറം | **41950** | 75554 | 67.92 | **53040** | 11090 | 8390 | 2700 | 11275 |
| വയനാട് | **7950** | 11518 | 77.2 | **8791** | 840 | 1590 | 0 | 756 |
| കണ്ണൂർ | **25350** | 35003 | 79.92 | **27554** | 2204 | 5070 | 0 | 2417 |
| കാസറഗോഡ് | **12200** | 19287 | 70.61 | **13446** | 1246 | 2440 | 0 | 2078 |
| ആകെ | **306150** | **419653** | **78.76** | **332631** | | 61230 | | **55157** |